# സദ്വർത്തമാന കഥാപുസ്തകം

## ഒന്ന്





ഇതെന്റെ സദ്വർത്തമാന കഥാപുസ്തകം ഒന്ന്

എന്റെ പേര്

---

ഒന്നാമത്തെ സദ്വർത്തമാന കഥാപുസ്തകം

എനിക്ക് വായിക്കുവാൻ സാധിക്കും

സൃഷ്ടാവാം ദൈവത്തിന്റെ വിശുദ്ധ പുസ്തകത്തിൽ നിന്നുള്ളതാണ് ഈ കഥകൾ.

ഇതിലുള്ള എല്ലാ ചിത്രങ്ങളും വരച്ചത് ഭാരതത്തിലെ ഗോത്ര വർഗ്ഗത്തിലുള്ള കുട്ടികളാണ്. സദ്വർത്തമാന കഥാപുസ്തകം ഒന്ന്. പകർപ്പവകാശം 2013. ഭാരതത്തിൽ അച്ചടിച്ചത്. അന്വേഷണങ്ങൾ അയക്കേണ്ട വിലാസം:
WBTC India, P.O. Box 8478, Bangalore 560084. Email: info@wbtcindia.com







സൃഷ്ടാവാം ദൈവം..................................2-9

എറ്റവും ബലവാൻ.................................10-13

ഇരുട്ടിൽ അകപ്പെട്ടു...............................14-24

# സൃഷ്ടാവാം ദൈവം

നക്ഷത്രങ്ങളെ ഞാൻ കാണുന്നു.
നക്ഷത്രങ്ങൾ പാടുന്നു.







മൃഗങ്ങളെ ഞാൻ കാണുന്നു.
മൃഗങ്ങൾ പാടുന്നു.



ആത്മാക്കളെ ഞാൻ കാണുന്നു.
ആത്മാക്കൾ പാടുന്നു.








ആദ്യത്തെ പുരുഷനെയും
സ്ത്രീയെയും ഞാൻ കാണുന്നു.
ആദ്യത്തെ പുരുഷനും
സ്ത്രീയും പാടുന്നു.

സൃഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു,

‘നിന്നെ ഞാൻ സ്നേഹിക്കുന്നു!’
ഞാൻ പാടുവാൻ തുടങ്ങി.








സൃഷ്ടാവാം ദൈവം
പറയുന്നതു ഞാൻ കേൾക്കുന്നു,

‘എന്റെ പൂർണ്ണതയുള്ള
ലോകത്തെ കാക്കുക.’



എല്ലാം പാടുന്നതു...പാടുന്നതു...
പാടുന്നനതു...ഞാൻ കേൾക്കുന്നു.







എല്ലാം സൃഷ്ടാവാം
ദൈവത്തിനു പാടുന്നു.

സൃഷ്ടാവാം ദൈവം
എല്ലാം സൃഷ്ടിച്ചു.

# എറ്റവും ബലവാൻ

ദുരാത്മാവു പറയുന്നതു
ഞാൻ കേൾക്കുന്നു,

'ഞാൻ സൃഷ്ടാവാം
ദൈവത്തെപ്പോലെയാകും.'






നല്ല ആത്മാക്കൾ പറയുന്നതു
ഞാൻ കേൾക്കുന്നു,

'സൃഷ്ടാവാം ദൈവത്തിനു പാടുക.'



ദുരാത്മാക്കളും നല്ല ആത്മാക്കളും
തമ്മിൽ പൊരുതുന്നതു
ഞാൻ കാണുന്നു.

നല്ല ആത്മാക്കൾ ജയിക്കുന്നു.








ദുരാത്മാക്കൾ വീഴുന്നതു...
വീഴുന്നതു...വീഴുന്നതു...
ഞാൻ കാണുന്നു.

'സൃഷ്ടാവാം ദൈവം
എറ്റവും ബലവാനാകുന്നു!'

# ഇരുട്ടിൽ അകപ്പെട്ടു

ആദ്യത്തെ പുരുഷനെയും
സ്ത്രീയേയും ഞാൻ കാണുന്നു.
സൃഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു,



'നന്മതിന്മകളെക്കുറിച്ചുള്ള
വൃക്ഷത്തിന്റെ ഫലം തിന്നരുത്.'







ആദ്യത്തെ പുരുഷനും
സ്ത്രീയും കേൾക്കുന്നില്ല...
കേൾക്കുന്നില്ല...കേൾക്കുന്നില്ല.


ദുരാത്മാവു പറയുന്നതു
ഞാൻ കേൾക്കുന്നു,

'നീ സൃഷ്ടാവാം
ദൈവത്തെപ്പോലെയാകും.

നന്മതിന്മകളെക്കുറിച്ചുള്ള
വൃക്ഷത്തിന്റെ ഫലം തിന്നുക.'







ആദ്യത്തെ സ്ത്രീ
കേൾക്കുന്നു...കേൾക്കുന്നു...
കേൾക്കുന്നു.

ആദ്യത്തെ സ്ത്രീ പറയുന്നത്
ഞാൻ കേൾക്കുന്നു,

'ഞാൻ സ്രഷ്ടാവാം
ദൈവത്തെപ്പോലെയാകും.

നന്മതിന്മകളെക്കുറിച്ചുള്ള
വൃക്ഷത്തിന്റെ ഫലം
ഞാൻ തിന്നും.'







ആദ്യത്തെ സ്ത്രീ തിന്നുന്നു...
തിന്നുന്നു... തിന്നുന്നു.

ആദ്യത്തെ പുരുഷൻ
പറയുന്നത് ഞാൻ കേൾക്കുന്നു,
'ഞാൻ സൃഷ്ടാവാം
ദൈവത്തെപ്പോലെയാകും.
നന്മതിന്മകളെക്കുറിച്ചുള്ള
വൃക്ഷത്തിന്റെ ഫലം
ഞാൻ തിന്നും.'







ആദ്യത്തെ പുരുഷൻ തിന്നുന്നു...
തിന്നുന്നു...തിന്നുന്നു.

ആദ്യത്തെ പുരുഷനേയും
സ്ത്രീയേയും ഞാൻ
നോക്കാൻ ശ്രമിച്ചു.

ആദ്യത്തെ പുരുഷനും
സ്ത്രീയും ഒളിച്ചിരിക്കുന്നു.








സൃഷ്ടാവാം ദൈവം
പറയുന്നതു ഞാൻ
കേൾക്കുന്നു,

'ഇപ്പോഴും ഞാൻ നിന്നെ
സ്നേഹിക്കുന്നു!'

‘ഞാൻ നിന്നെ വീണ്ടെടുക്കും.
നീ എന്നെ കണ്ടെത്തും.’

സൃഷ്ടാവാം ദൈവം വരുന്നു...

